



വളരെ പെട്ടെന്ന് പെറ്റ് പെരുകുകയും വേഗത്തിൽ വളരുകയും ചെയ്യുന്ന ഈ പേനുകൾ ഒന്നിൽ നിന്ന് മറ്റൊന്നിലേക്ക് പടർന്ന് വളരെ പെട്ടെന്ന് തന്നെ കുളങ്ങളിലുള്ള എല്ലാ മീനുകളിലേക്കും വ്യാപിക്കുന്നതാണ്.

# കരിമീനിനും പേൻ ശല്യം

● ഡോ. പി.എ വികാസ്
ഡോ. ഷിനോജ് സുബ്രമണ്യൻ

കരിമീൻ കൃഷിയിൽ ഈയിടെ കണ്ടെത്തിയ ഒരു പ്രശ്നമാണ് പേൻ ബാധ. പരാന്നഭുക്ക് വിഭാഗത്തിൽ പെടുന്ന കാലിഗസ് മിനിമസ് എന്ന ശാസ്ത്രീയ നാമത്തിൽ അറിയപ്പെടുന്ന കടൽ പേനാണ് വില്ലൻ. ഇവ മീനുകളിൽ എത്തിയാൽ രക്തം കുടിച്ചാണ് ജീവിക്കുന്നത്. ഇതു മൂലം മീനുകളിലെ സ്വാഭാവിക വളർച്ച കുറക്കുകയും, പ്രത്യുല്പാദനം കുറക്കുകയും, മീനുകളുടെ പുറമെ വ്യണങ്ങൾ ഉണ്ടാക്കുകയും ചെയ്യുന്നതാണ്. ഈ വ്യണങ്ങളിൽ പിന്നീട് ബാക്ടീരിയ, ഫംഗസ്, വൈറസ് തുടങ്ങിയവ വരികയും മീനുകൾ ചത്തുപോവുകയും ചെയ്യുന്നതാണ്.

വളരെ പെട്ടെന്ന് പെറ്റ് പെരുകുകയും വേഗത്തിൽ വളരുകയും ചെയ്യുന്ന ഈ പേനുകൾ ഒന്നിൽ നിന്ന് മറ്റൊന്നിലേക്ക് പടർന്ന് വളരെ പെട്ടെന്ന് തന്നെ കുളങ്ങളിലുള്ള എല്ലാ മീനുകളിലേക്കും വ്യാപിക്കുന്നതാണ്. കൃഷിയിടങ്ങളിൽ ഇവയുടെ സാന്നിധ്യം പലപ്പോഴും ശ്രദ്ധിക്കാതെ പോകുന്നുമുണ്ട് എന്നതിനാൽ കർഷകർക്കിടയിൽ ഇവയെക്കുറിച്ച് അവബോധം സൃഷ്ടിക്കേണ്ടതുണ്ട്.




കുളങ്ങൾ കൃഷിക്ക് മുൻപ് വറ്റിച്ചുണക്കുന്നത് ഇത്തരത്തിലുള്ള എല്ലാ പരാദ ജീവികളെയും നശിപ്പിക്കുന്നതിന് സഹായിക്കുന്നതാണ്. ഇത് കൂടാതെ കുളം ഒരുക്കുമ്പോൾ തന്നെ സെന്റ് ഒന്നിന് 2 കി ഗ്രാം കുമ്മായം ഇടുന്നതും നല്ലതാണ്. കുഞ്ഞുങ്ങളെ വാങ്ങുമ്പോൾ ഇത്തരം പേനുകളുടെ സാന്നിധ്യം ഇല്ല എന്ന് ഉറപ്പുവരുത്തേണ്ടതുണ്ട്. ഇതിനായി ചെയ്യേണ്ടത് കുഞ്ഞുങ്ങളെ വാങ്ങുന്നതിനു മുൻപ് തന്നെ ഇവയെ കയ്യിൽ എടുത്തുപരിശോധിക്കണം. പേനുകൾ മീനുകളുടെ ചെകിളകൾക്ക് ഉള്ളിലും പുറം ഭാഗങ്ങളിലും ആണ് കൂടുതലായും കാണുക. പേനുകൾ ഉണ്ടെങ്കിൽ മീനുകളുടെ പുറം ഭാഗങ്ങളിൽ ചെറിയ അനക്കം കാണുന്നതാണ്. ചെകിളകളിൽ നിറ വ്യതാസവും കാണാം.

കൃഷി പുരോഗമിക്കുന്നതിനിടയിലാണ് പേൻ ശല്യം കാണുന്നതെങ്കിൽ മരുന്ന് നൽകേണ്ടി വരും. ചെന്നൈയിലുള്ള കേന്ദ്ര ഓരു ജല ഗവേഷണ സ്ഥാപനം ഇതിനുള്ള മരുന്ന് കണ്ടുപിടിച്ചിട്ടുണ്ട്. നോവസൈഡ് എ.എൽ.എഫ്. എന്ന പേരിൽ വിപണിയിൽ ഇറക്കിയ ഈ മരുന്ന് ആൽഫ ബയോളജിക്കൽസ് എന്ന സ്ഥാപനമാണ് വിപണനം നടത്തുന്നത്.

ഈ മരുന്ന് 1 കിലോഗ്രാം തീറ്റയിൽ 1 ഗ്രാം എന്ന തോതിൽ കലർത്തി തുടർച്ചയായി ഏഴു ദിവസം നൽകുകയാണ് ചെയ്യേണ്ടത്. മരുന്ന് മീനുകളുടെ ഉള്ളിൽ എത്തിയാൽ രക്തത്തിൽ കലരുകയും പേനുകൾ രക്തം കുടിക്കുമ്പോൾ അവയുടെ ശരീരത്തിൽ എത്തി അവ ചത്തുപോവുകയും ചെയ്യും.

ഇത്തരത്തിൽ മരുന്ന് നൽകി കരിമീനിലെ പേൻ ശല്യത്തിന് പരിഹാരമുണ്ടാക്കാം എന്നത് കർഷകർക്കിടയിൽ പ്രചരിപ്പിക്കുന്നതിനായി എറണാകുളം കൃഷി വിജ്ഞാന കേന്ദ്രം ജില്ലയിലെ വിവിധ കർഷകരുടെ കൃഷിയിടങ്ങളിൽ നടത്തിയ പ്രദർശന കൃഷിയിൽ കർഷകർക്ക് ഇത് ബോധ്യമായിട്ടുള്ളതാണ്.

**ICAR കൃഷി വിജ്ഞാൻ കേന്ദ്ര, നാറക്കൽ, എറണാകുളം.**